21
ഫെബ്രുവരി 2019 വ്യാഴം
1194 കുംഭം 9
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ആറ്റുകാലമ്മയ്ക്ക് ഭക്തലക്ഷങ്ങളുടെ ആത്മനിവേദ്യം

ആറ്റുകാൽ ദേവീക്ഷേത്രത്തിൽ പൊങ്കാല അർപ്പിച്ചശേഷം മടങ്ങുന്ന ഭക്തർ. തിരുവനന്തപുരം തമ്പാനൂരിൽ നിന്നുള്ള ദൃശ്യം ഫോട്ടോ: മനുമംഗലശ്ശേരി

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: ഭഗവതിയും ഭക്തരും മാത്രമായിരുന്നു ഇന്നലെ അനന്തപുരിയിൽ. സർവമംഗള മംഗല്യയായ ആറ്റുകാലമ്മയുടെ അനുഗ്രഹത്തിനായി പൊങ്കാല അർപ്പിച്ച ഭക്തലക്ഷങ്ങളുടെ ഉള്ളുരുകിയ പ്രാർത്ഥനയിൽ ദേവീചൈതന്യം നിറഞ്ഞു തുളുമ്പി.

കുംഭവെയിലിന്റെ തീക്ഷ്ണതയ്ക്കൊപ്പം തിളച്ചപൊന്തിയ പൊങ്കാലയിൽ ഭക്തലക്ഷങ്ങൾ ഉള്ളിലെ ദുഃഖഭാരങ്ങൾ ഇറക്കിവച്ചു. പ്രത്യാശകളുടെ മധുരം നിവേദിച്ച് മടങ്ങുമ്പോൾ കുംഭവെയിൽ അവർക്ക് നിലാവായി.

അഖിലാണ്ഡേശ്വരിക്കുമുന്നിൽആത്മസമർപ്പണം നടത്തിയ ചാരിതാർത്ഥ്യത്തോടെയാണ് എല്ലാദിക്കുകളിൽ നിന്നുമെത്തിയവർ മടങ്ങിയത്. അടുപ്പുവെട്ട് ചടങ്ങിനുമുന്നോടിയായിരാവിലെ 9.45ന് ശുദ്ധപുണ്യാഹം നടന്നു. ക്ഷേത്രതന്ത്രി തെക്കേടത്ത് പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാട് ശ്രീകോവിലിൽ നിന്നു ദീപം പകർന്ന് മേൽശാന്തി വിഷ്ണു നമ്പൂതിരിക്ക് കൈമാറി.

ചെറിയതിടപ്പള്ളിയിലെ അടുപ്പ് കത്തിച്ച ശേഷം മേൽശാന്തി ദീപം സഹമേൽശാന്തിക്ക് കൈമാറി. സഹമേൽശാന്തി കേശവൻ നമ്പൂതിരി പാട്ടുപുരയ്ക്കു മുന്നിലെ പണ്ടാരഅടുപ്പിൽ തീ പകർന്നപ്പോൾ സമയം 10.24. കതിനാവെടിക്കൊപ്പം ചെണ്ടമേളം മുഴങ്ങി. ഭക്തവനിതകൾ വായ്ക്കുരവയോടെ ആപുണ്യമുഹൂർത്തത്തെ എതിരേറ്റു. എല്ലായിടത്തും അടുപ്പുകത്തിക്കാനുള്ള അറിയിപ്പെത്തി. ദൂരസ്ഥലങ്ങളിൽ അടുപ്പുകൂട്ടി കാത്തിരുന്നവരും അതേനിമിഷം അഗ്നി പകർന്നു.

എങ്ങും "അമ്മേ നാരായണ ദേവീ നാരായണ ലക്ഷ്മീനാരായണ ഭദ്രേനാരായണ' മന്ത്രങ്ങളാൽ മുഖരിതമായി. 10 കിലോമീറ്റർ ചുറ്റളവിൽ നിരന്ന പൊങ്കാല അടുപ്പുകളിൽ നിന്ന് അഗ്നിജ്വാലകളുയർന്നു. പൊങ്കാലയ്ക്കുപുറമെ തെരളിയും മണ്ടപ്പുറ്റുമെല്ലാം ഒരുക്കിയിരുന്നു.

ഉച്ചയ്ക്ക് 2.15ന് പൊങ്കാല നിവേദ്യം തുടങ്ങി. പണ്ടാരഅടുപ്പിൽ തയ്യാറായ പൊങ്കാലയിൽ സഹമേൽശാന്തി ഈശ്വരൻ നമ്പൂതിരി തീർത്ഥം തളിച്ചു. പുഷ്പങ്ങളർപ്പിച്ച് ദേവിക്കു നിവേദിച്ചു. അടുത്ത നിമിഷം 250 ഓളം ശാന്തിമാർ തീർത്ഥം പൂക്കുലയിൽ മുക്കി പൊങ്കലക്കലങ്ങളിൽ തൂവി. ഈ സമയം ആകാശത്തു സെസ്സ വിമാനത്തിൽനിന്ന് പുഷ്പമഴ പെയ്തു. എങ്ങും ആത്മനിവേദനത്തിന്റെ സായൂജ്യം നിറഞ്ഞു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ഡോ. ശശി തരൂർ എം.പി, എം.എൽ.എമാരായ ഒ.രാജഗോപാൽ, കെ. മുരളീധരൻ, വി.എസ്. ശിവകുമാർ, എം. വിൻസെന്റ്, മേയർ വി.കെ. പ്രശാന്ത് തുടങ്ങിയവരും ചടങ്ങുകൾക്ക് സാക്ഷിയാകാൻ എത്തിയിരുന്നു.

ഇരട്ടക്കൊല: സി.പി.എം കടുത്ത പ്രതിരോധത്തിൽ

കൊന്നതു ഞാൻ: പീതാംബരൻ ചെയ്യിച്ചത് പാർട്ടി: കുടുംബം

കാസർകോട് ഇരട്ടക്കൊലപാതകത്തിൽ പ്രതിയായ ലോക്കൽ കമ്മിറ്റി മുൻ അംഗം എ. പീതാംബരനെ കൈയൊഴിഞ്ഞ് മുഖം രക്ഷിക്കാൻ സി.പി.എം ശ്രമിക്കുന്നതിനിടെ, കൊലനടത്തിയത് താനാണെന്ന് പീതാംബരനും, ചെയ്യിച്ചത് പാർട്ടിയാണെന്ന് ഭാര്യ മഞ്ജുവും വെളിപ്പെടുത്തിയതോടെ പാർട്ടി കൂടുതൽ പ്രതിരോധത്തിലായി.

അതേസമയം, പീതാംബരന്റെ തീരുമാനം പാർട്ടി തീരുമാനമാകില്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ തള്ളുകയും ചെയ്തു.

പെരിയയിലെ പ്രാദേശിക തർക്കത്തിനിടെ തനിക്കു മർദ്ദനമേറ്റപ്പോൾ പാർട്ടി തിരിഞ്ഞു നോക്കാതിരുന്നതിന്റെ അപമാനം കാരണമാണ് കൊല നടത്തിയതെന്ന് പീതാംബരൻ അന്വേഷണസംഘത്തിനു മൊഴി നൽകി. പെരിയ സംഭവത്തിൽ, കാര്യം കഴിഞ്ഞപ്പോൾ പാർട്ടി തങ്ങളെ കൈയൊഴിഞ്ഞെന്നാണ് ഭാര്യയുടെ ആരോപണം. കേരള സംരക്ഷണ യാത്രയ്ക്കിടെയുണ്ടായ ഇരട്ടക്കൊലയ്ക്കും പ്രതിയുടെ ഭാര്യയുടെ ആരോപണത്തിനും മുന്നണിയിലും അണികളോടും മറുപടി പറയേണ്ട ബാദ്ധ്യത കൂടിയായതോടെ സി.പി.എം കടുത്ത സമ്മർദ്ദത്തിലായി.

'എന്നെ ആക്രമിച്ചപ്പോൾ പാർട്ടി സഹായിച്ചില്ല'

കൊല അപമാനം കാരണമെന്നും പീതാംബരൻ

കാസർകോട്: പെരിയ ഇരട്ടക്കൊലപാതകം ആസൂത്രണം ചെയ്തത്, നേരത്തേ പ്രാദേശിക തർക്കത്തിനിടെ കൃപേഷും ശരത്‌ലാലും തന്നെ ആക്രമിച്ചപ്പോൾ പാർട്ടി സഹായിക്കാതിരുന്നതിലെ അപമാനം കാരണമാണെന്നാണ് അറസ്റ്റിലായ സി.പി.എം ലോക്കൽ കമ്മിറ്റി മുൻ അംഗം എ. പീതാംബരന്റെ മൊഴി.

കൊല്ലപ്പെട്ട കൃപേഷും ശരത്‌ലാലുമായി താൻ വഴക്കിൽ ഏർപ്പെട്ടത് ചില പ്രാദേശിക പ്രശ്നങ്ങളുടെ പേരിലാണ്. ഇരുവരും തന്നെ ആക്രമിച്ചത് പാർട്ടിയിൽ പരാതിപ്പെട്ടിട്ടും നടപടിയുണ്ടായില്ല. ലോക്കൽ കമ്മിറ്റിഅംഗമെന്ന പരിഗണന പോലും കിട്ടാതിരുന്നപ്പോഴാണ് കടുത്ത തീരുമാനമെടുത്തതെന്നും പീതാംബരൻ അന്വേഷണ സംഘത്തിന് മൊഴി നൽകി.

അതേസമയം, പീതാംബരന്റെ മൊഴി പൊലീസ് മുഖവിലയ്ക്കെടുത്തിട്ടില്ല. മുന്നാട് സഹകരണ കോളേജിലുണ്ടായ തർക്കവുമയായി ബന്ധപ്പെട്ട് പീതാംബരനെ കൈയേറ്റംചെയ്ത സംഘത്തിൽ കൃപേഷ് ഉണ്ടായിരുന്നില്ലെന്നും ആ സമയം കൃപേഷ് വീട്ടിലുണ്ടായിരുന്നതായും പൊലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഇക്കാരണത്താൽ, കൈയേറ്റശ്രമകേസിൽ പൊലീസ് കൃപേഷിനെ പ്രതി ചേർത്തിരുന്നുമില്ല. കൃപേഷ് തന്നെ ആക്രമിച്ചെന്ന് പാർട്ടിയിൽ പരാതിപ്പെട്ടിട്ടും തനിക്ക് അനുകൂലമായ നടപടിയുണ്ടായില്ലെന്ന് പീതാംബരൻ പറയുന്നു.

ഇരട്ടക്കൊലപാതകം ആസൂത്രണം ചെയ്തു നടപ്പാക്കിയത് സുഹൃത്തുക്കളുടെ സഹായത്തോടെയാണ്. കൃപേഷിന്റെ തലയ്ക്കു വെട്ടിയത് താനാണെന്ന് പീതാംബരൻ മൊഴി നൽകിയെങ്കിലും കൃത്യത്തിൽ മറ്റുള്ളവരുടെ പങ്കിനെക്കുറിച്ചും പൊലീസിന് സംശയമുണ്ട്.

തലയോട്ടപിളർന്ന് തലച്ചോർ പുറത്തായ നിലയിലായിരുന്നു കൃപേഷിന്റെ മൃതദേഹം.

കൊല്ലപ്പെട്ട ഇരുവരുടെയും ശരീരത്തിലെ മുറിവുകളുടെ സ്വഭാവം പരിശോധിക്കുമ്പോൾ കൃത്യത്തിനു പിന്നിൽ ക്വട്ടേഷൻ സംഘമാണെന്ന് പറയാനാവില്ലെന്നാണ് പൊലീസിന്റെ നിലപാട്. അതേസമയം കൊലയ്ക്കു പിന്നിൽ സി.പി.എം ജില്ലാനേതൃത്വത്തിന് പങ്കുണ്ടെന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് ജില്ലാ കോൺഗ്രസ് നേതൃത്വം.

'കാര്യം കഴിഞ്ഞപ്പോൾ കൈയൊഴിഞ്ഞു'

കാസർകോട്: പെരിയ ഇരട്ടക്കൊലക്കേസിൽ സി.പി.എമ്മിനു പങ്കില്ലെന്ന് പാർട്ടി ആവർത്തിക്കുമ്പോൾ നേതൃത്വത്തെ പ്രതിക്കൂട്ടിൽ നിറുത്തി, അറസ്റ്റിലായ മുൻ ലോക്കൽ കമ്മിറ്റി അംഗം എ. പീതാംബരന്റെ കുടുംബം. കാര്യം കഴിഞ്ഞപ്പോൾ പാർട്ടി കൈയൊഴിഞ്ഞെന്നും, പീതാംബരനെ പുറത്താക്കിയത് തിരഞ്ഞെടുപ്പിൽ മുഖം രക്ഷിക്കാനാണെന്നും ഭാര്യ മഞ്ജുവും മകൾ ദേവികയും മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു.

'ഒരു കാരണവശാലും അദ്ദേഹം ഇത് സ്വയം തീരുമാനിച്ചു ചെയ്യില്ല. പാർട്ടി പറഞ്ഞാൽ എന്തും ചെയ്യും. അവർക്കു വേണ്ടി ചെയ്തിട്ട് ഇപ്പോൾ ഒറ്റപ്പെടുത്തുന്നു. അവർ വിളിച്ചിട്ടാണ് ഇവിടെനിന്ന് പോയത്. പാർട്ടിക്കു വേണ്ടി പീതാംബരൻ മുമ്പും പലപ്പോഴും സംഘർഷങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.'- മഞ്ജു പറഞ്ഞു.

കൊല്ലപ്പെട്ട ചെറുപ്പക്കാർ ജനുവരി അഞ്ചിന് കമ്പിപ്പാര കൊണ്ട് പീതാംബരനെ തല്ലിയിരുന്നു. അന്ന് കൈയിൽ സ്റ്റീലിടേണ്ടിവന്നു. അതിനു ശേഷം എന്തിനും മറ്റൊരാളുടെ സഹായം വേണമായിരുന്നു. ഇനി പാർട്ടി പ്രവർത്തനം വേണ്ടെന്ന് മർദ്ദനമേറ്റശേഷം പീതാംബരൻ തന്നോടു പറയുമായിരുന്നെന്നും മഞ്ജു പറയുന്നു.

തിരഞ്ഞെടുപ്പ് അടുത്തു വരുന്നതുകൊണ്ടാണ് പാർട്ടി അവരെ (അച്ഛനെ) മാത്രം കുറ്റപ്പെടുത്തുന്നതെന്നും, അവർക്ക് എന്തെങ്കിലും മോശം വന്നാൽ അത് പാർട്ടിക്കായതുകൊണ്ടാണ് പുറത്താക്കിയതെന്നുമാണ് ഒൻപതാം ക്ലാസുകാരിയായ മകൾ ദേവികയുടെ രോഷപ്രകടനം.

കൃപേഷും ശരത്‌ലാലും കൊല്ലപ്പെട്ടതിനെ തുടർന്ന് കോൺഗ്രസ് പ്രവർത്തകർ പീതാംബരന്റെ വീട് അടിച്ചു തകർത്തിരുന്നു. അതിനു ശേഷം, കല്യോട്ടെ വീടിനടുത്ത് മറ്റൊരു വീട്ടിലാണ് ഇപ്പോൾ മഞ്ജുവും മകളും. പ്രാദേശിക തർക്കത്തിനിടെ പീതാംബരേട്ടന് അടി കിട്ടിയപ്പോൾ എല്ലാവരും വന്നു നോക്കിയിട്ടു പോയെന്നും, പിന്നെ ആരെയും കണ്ടില്ലെന്നുമാണ് മഞ്ജുവിന്റെ പരാതി.

പ്രതി പീതാംബരനെ (ഇടത്ത്) തെളിവെടുപ്പിന് കല്യോട്ട് കൊണ്ടുവന്നപ്പോൾ. ഭാര്യ മഞ്ജു ഇൻസെറ്റിൽ

> "പീതാംബരന്റെ കുടുംബത്തിൽഉണ്ടായധാരണയുടെ അടിസ്ഥാനത്തിലായിരിക്കും സംഭവം നടന്നത്. പാർട്ടിക്ക് അങ്ങനെയൊരു ആലോചനയില്ലായിരുന്നു. ഒരാൾ പാർട്ടി ആണെന്നു പറഞ്ഞ് എന്തെങ്കിലും ചെയ്താൽ അത് പാർട്ടി നിലപാടാകില്ല.
>
> **കോടിയേരി ബാലകൃഷ്ണൻ**

ഏഴു ദിവസം കസ്റ്റഡിയിൽ

കാസർകോട്: പീതാംബരനെ ഹോസ്ദുർഗ് ഒന്നാം ക്ലാസ് മജിസ്ട്രേട്കോടതി ഏഴു ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു. പ്രതിയുമായി അന്വേഷണസംഘം ഇന്നലെ ഉച്ചകഴിഞ്ഞ് കല്യോട്ട് നടത്തിയ തെളിവെടുപ്പിൽ പൊട്ടക്കിണറ്റിൽ നിന്ന് മൂന്ന് ഇരുമ്പു ദണ്ഡുകളും ഒരു വടിവാളും കണ്ടെടുത്തു.

കൊലപ്പെടുത്തണമെന്ന മനഃപൂർവമായ ഉദ്ദേശ്യത്തോടെ സംഘം ചേർന്നാണ് കൃപേഷിനും ശരത്‌ലാലിനും നേരെ ആക്രമണം നടത്തിയതെന്ന് അന്വേഷണ സംഘം സമർപ്പിച്ച റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. കൊലപാതകത്തിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും സി.പി.എം പ്രവർത്തകരാണ് മുഴുവൻ പ്രതികളെന്നും റിപ്പോർട്ടിലുണ്ട്. സമൂഹ മനസ്സാക്ഷിയെ ഞെട്ടിക്കുന്ന കൃത്യമാണ് പ്രതികളുടേതെന്നും രാഷ്ട്രീയ വിരോധമാണ് കൊലപാതകത്തിലേക്ക നയിച്ചതെന്നും കോടതി നിരീക്ഷിച്ചു.

114 എഫ് - 21 പോർവിമാനങ്ങൾ ഇന്ത്യയിൽ നിർമ്മിക്കും

- ഒരുലക്ഷം കോടി രൂപയുടെ ഇടപാട്
- നിർമ്മാണത്തിൽ ലോക്ഹീഡ് മാർട്ടിൻ - ടാറ്റ പങ്കാളിത്തം

ബംഗളൂരു: അമേരിക്കൻ പ്രതിരോധ സ്ഥാപനമായ ലോക്ഹീഡ് മാർട്ടിൻ നിർമ്മിക്കുന്ന ലോകത്തെ ഏറ്റവും മികച്ച യുദ്ധവിമാനങ്ങളിലൊന്നായ എഫ്-21 ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസുമായി ചേർന്ന് ഇന്ത്യയിൽ നിർമ്മിക്കാൻ കളമൊരുങ്ങുന്നു. 1500 കോടി ഡോളറിന്റെ (ഒരു ലക്ഷം കോടി രൂപ) ഇടപാടായിരിക്കും ഇത്. കരാറിന്റെ അന്തിമരൂപം ആയിട്ടില്ല.

ഇന്ത്യൻ വ്യോമസേനയ്ക്ക് കരുത്ത് പകരുന്നതിനൊപ്പം ഇന്ത്യയിൽ പ്രതിരോധ വ്യവസായത്തിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇത് വഴിയൊരുക്കും.

ബംഗളൂരുവിൽ ആരംഭിച്ച എയ്റോ ഇന്ത്യ ഷോയിൽ ലോക്ഹീഡ് മാർട്ടിൻ കമ്പനി എഫ്-21 വിമാനം അവതരിപ്പിച്ചു. ഇന്ത്യയുടെ ആവശ്യങ്ങൾക്കനുസൃതമായി പരിഷ്കരിച്ചതാണ് എഫ് 21 എന്ന് ലോക്ഹീഡ് മാർട്ടിൻ വൈസ് പ്രസിഡന്റ് വിവേക് ലാൽ പറഞ്ഞു.

- മേക്ക് ഇൻ ഇന്ത്യ പദ്ധതി പ്രകാരം 114 യുദ്ധവിമാനങ്ങൾ നിർമ്മിക്കാനാണ് ഇന്ത്യയുടെ പദ്ധതി.
- യുദ്ധവിമാനങ്ങൾക്ക് വേണ്ടിയുള്ള ഇന്ത്യയുടെ അന്വേഷണത്തോട് പ്രതികരിച്ച ഏഴ് കമ്പനികളിൽ ഒന്നാണ് ലോക്ഹീഡ് മാർട്ടിൻ
- വ്യോമസേനയുടെ കാലഹരണപ്പെട്ട സോവിയറ്റ് യുദ്ധവിമാനങ്ങൾക്ക് പകരമാണ് പുതിയ കരാറുകൾ ഉണ്ടാക്കുന്നത്
- എഫ്-16 വിമാനങ്ങളുടെ പുതിയ ബാച്ചാണ് കമ്പനി ആദ്യം വാഗ്ദാനം ചെയ്തത്
- എഫ്-16 നിലവിൽ പാകിസ്ഥാൻ ഉൾപ്പെടെ നിരവധി രാജ്യങ്ങൾ ഉപയോഗിക്കുന്നുണ്ട്
- കരാർ കിട്ടിയാൽ അമേരിക്കയിലെ ടെക്സാസിലെ എഫ്-16 നിർമാണ പ്ലാന്റ് ഇന്ത്യയിലേക്ക് മാറ്റാനായിരുന്നു ലോക്ഹീഡിന്റെ പദ്ധതി.
- എഫ്-16 മീഡിയം മൾട്ടി റോൾ കോംബാറ്റ് എയർക്രാഫ്റ്റിന്റെഗണത്തിൽ വരുന്നതാണ്.
- ആ ഇനത്തിൽ പെട്ടതാണ് വിവാദമായ ഫ്രഞ്ച് യുദ്ധവിമാനം റാഫേൽ.
- എഫ്-16 നെ തഴഞ്ഞാണ് ഇന്ത്യ റാഫേൽ വാങ്ങാൻ കരാറുണ്ടാക്കിയത്
- അങ്ങനെയാണ് മൾട്ടി റോൾ ഫൈറ്റർ ജെറ്റ് ആയ എഫ് 21 ലേക്ക് അന്വേഷണങ്ങൾ എത്തിയത്.
- അഞ്ചാം തലമുറ യുദ്ധവിമാനങ്ങളായ എഫ്-22 എഫ്-35 എന്നിവയിലെ സാങ്കേതികമികവുകൾ എഫ്-21 ൽ ഉണ്ടെന്ന് കമ്പനി അവകാശപ്പെടുന്നു

സവിശേഷതകൾ

- **30,000** അടി വരെ ഉയരത്തിൽ പറക്കും
- മണിക്കൂറിൽ **2,285** കിലോമീറ്റർ വേഗത
- **7250** കിലോ ആയുധങ്ങൾ വഹിക്കും
- എയർ ടു എയർ മിസൈലുകൾ
- റഡാറുകളെ വെട്ടിക്കുന്ന സ്റ്റെൽത്ത് വിദ്യ
- ഒരു ആവനാഴിയിൽ മൂന്ന് മിസൈലുകൾ
- ആകാശത്ത് വച്ച് ഇന്ധനം നിറയ്ക്കാം

തലവര

പെരിയ ഇരട്ടക്കൊലപാതകം: പ്രതിയായ പീതാംബരനെ പാർട്ടി ബലിയാടാക്കിയെന്ന് വിട്ടുകാർ

'പെരിയ'വർ സേഫ്

എന്റെ പൊന്നേ കാൽലക്ഷം

കൊച്ചി: സംസ്ഥാനത്ത് സ്വർണവില പവന് ചരിത്രത്തിൽ ആദ്യമായി 25,000 രൂപകടന്നു. പവന് ഇന്നലെ 240 രൂപവർദ്ധിച്ച് 25,160 രൂപയായി. ഗ്രാമിന് 30 രൂപ ഉയർന്ന് 3,145 രൂപയിലെത്തി.

ഫെബ്രുവരി 19 ലെ പവൻ വിലയായ 24,920 രൂപയായിരുന്നു മുൻ റെക്കാഡ്. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ പവൻ വിലയിലുണ്ടായ വർദ്ധന 760 രൂപയാണ്. ഗ്രാമിന് 95 രൂപയും ഉയർന്നു. ആഗോള വിപണിവിലയിലെമുന്നേറ്റം, ഡോളറിനെതിരെ രൂപയുടെ മൂല്യത്തകർച്ച, വിവാഹ സീസൺ പ്രമാണിച്ചുള്ള മികച്ച ഡിമാൻഡ് എന്നിവയാണ് വിലയുടെ കുതിപ്പിന് കാരണം.

19ന് രാജ്യാന്തരവിലഔൺസിന് 1,325.90 ഡോളറായിരുന്നത് ഇന്നലെ 1,344.90 ഡോളറിലെത്തിയതോടെ ആഭ്യന്തര വിലയും കുതിക്കുകയായിരുന്നു. ഡോളറിനെതിരെ ജനുവരി ആദ്യം 69 എന്ന നിലയിലായിരുന്ന രൂപ ഇപ്പോൾ 71 ന് താഴേക്ക് ഇടിഞ്ഞതും വിലക്കുതിപ്പുണ്ടാക്കുന്നു.

കേരളത്തിൽ 894 കുടുംബങ്ങളെ ഒഴിപ്പിക്കണം

ന്യൂഡൽഹി: വനാവകാശ നിയമപ്രകാരം അനർഹരെന്ന് സംസ്ഥാന സർക്കാരുകൾ കണ്ടെത്തിയ പതിനൊന്ന് ലക്ഷത്തിലേറെ പേരെ വനഭൂമിയിൽ നിന്ന് ഒഴിപ്പിക്കാൻ സുപ്രീംകോടതി ഉത്തരവിട്ടു.

കേരളം ഉൾപ്പെടെ 16 സംസ്ഥാനങ്ങൾ സത്യവാങ്മൂലങ്ങളിൽ നൽകിയ കണക്ക് പ്രകാരം 11,27,446 പേരെയാണ് ഒഴിപ്പിക്കേണ്ടത്.

ജസ്റ്റിസ് അരുൺ മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന്റേതാണ് ഉത്തരവ്. കേരളത്തിൽ 894 കുടുംബങ്ങളാണ് അനർഹർ. ഇവരെ ജൂലായ് 24 നകം ഒഴിപ്പിച്ച് റിപ്പോർട്ട് നൽകാൻ ചീഫ്സെക്രട്ടറിയോട് ഉത്തരവിട്ടിട്ടുണ്ട്.

ഇരട്ടക്കൊല അന്വേഷണ സംഘത്തിൽ മാറ്റം, പ്രാദേശിക വിഷയമായി ഒതുക്കാൻ നീക്കം | ജാഥാ ലക്ഷ്യം പാളി ഇടത് മുന്നണി; പ്രതിഷേധം കനപ്പിച്ച് പ്രതിപക്ഷം | പേജ് 7